# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 2, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പകർച്ചവ്യാധി വ്യാപനം

മി. സ്പീക്കർ: സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള പകർച്ചവ്യാധികൾമൂലമുള്ള മരണങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, അനൂപ് ജേക്കബ്,

മാണി സി. കാപ്പൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പകർച്ചവ്യാധി പ്രതിരോധത്തിനും രോഗവ്യാപനം തടയുന്നതിനുമായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ജാഗ്രതാ കലണ്ടർ അനുസരിച്ച് നടത്തുകയും എല്ലാമാസവും മന്ത്രിതലത്തിൽ പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. 02-05-2024-ൽ ആരോഗ്യം, തദ്ദേശസ്വയംഭരണം, ജലവിഭവം, റവന്യൂ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും അവലോകനയോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ/ജില്ലാ സർവൈലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പകർച്ചവ്യാധി കേസുകളുടെ നിരക്കും സാന്ദ്രതയും വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകി നിരീക്ഷണം ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ

വകുപ്പിന്റെ നേതൃത്വത്തിൽ ഡ്രൈ ഡേ ആചരിക്കുകയും കിണറുകളിൽ ക്ലോറിനേഷൻ നടത്തുകയും ഡെങ്കി ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി ഉറവിട നശീകരണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പടരാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ്-എ പടരാതിരിക്കാനായി ബോധവൽക്കരണം നടത്തുകയും പ്രത്യേക മെഡിക്കൽ സംഘങ്ങളെ നിരീക്ഷണ-മേൽനോട്ടത്തിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്മ എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് സി.എം.സി. വെല്ലൂരുമായി സഹകരിച്ചുകൊണ്ട് എസ്.ഒ.പി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സ്ഥിതി നിയന്ത്രണവിധേയമാണ്. ഏറ്റവും അവസാനം ഔട്ട്ബ്രേക്ക് ചെയ്ത മലപ്പുറം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂരിൽ നിലവിൽ ആരുംതന്നെ ആശുപത്രി ചികിത്സയിലില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> കേരളം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. മലപ്പുറത്ത് ഇന്ന് മൂന്നുപേർക്ക് ഷിഗെല്ല രോഗം പിടിപെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനിയുടെ വ്യാപനവും വർദ്ധിക്കുകയാണ്. ഓടകൾ വൃത്തിയാക്കാത്തതിനാൽ മലിനജലം

വീടുകളിലേയ്ക്ക് ഒഴുകുകയാണ്. ആശുപത്രികളിൽ ആവശ്യത്തിന് മരുന്നോ ഡോക്ടർമാരോ ആരോഗ്യ പ്രവർത്തകരോ ഇല്ല. മഴക്കാല പൂർവ്വ ശുചീകരണം നടത്തുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടില്ല. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മാത്രം നാനൂറോളം പേർക്കാണ് മഞ്ഞപ്പിത്ത ബാധയുണ്ടായിട്ടുള്ളത്. മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് രണ്ട് മാസത്തിനിടയിൽ മൂന്ന് കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയും രണ്ട് മരണങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതാണ് പകർച്ചവ്യാധികൾ പടരാൻ കാരണം. പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ കാരണം മരണങ്ങൾ വർദ്ധിക്കുന്നത് തടയാൻ കഴിയാത്ത സാഹചര്യം ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീമതി വീണാ ജോർജ്: പകർച്ചവ്യാധികളെ ഫലപ്രദമായി നേരിട്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സ്വകാര്യ ആശുപത്രികളിലൂൾപ്പെടെ എത്തുന്ന പകർച്ചവ്യാധികൾ സംബന്ധിച്ച കേസ്സുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് ട്രെയിനിംഗും അവബോധവും നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 2024 ജനുവരി മുതൽ ജൂൺ വരെ 122070 കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഡെങ്കിപ്പനിമൂലമുള്ള മരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ആകെ 504 കേസുകൾ റിപ്പോർട്ട് ചെയ്യുകയും മൂന്ന് മരണങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ആരോഗ്യ വകുപ്പിന്റെ പ്രോട്ടോക്കോൾ പ്രകാരമുള്ള നിരീക്ഷണം നടത്തിവരികയാണ്. പ്രദേശവാസികളെ ബോധവൽക്കരിക്കുകയും പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. ജലസ്രോതസ്സിലൂടെ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്കൂളിലും രോഗം ബാധിച്ച വിദ്യാർത്ഥികളുടെ വീടുകളിലും ആരോഗ്യ പ്രവർത്തകർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ/ മെഡിക്കൽ കോളേജിൽനിന്നുള്ള പ്രത്യേക ടീം എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തിയിട്ടുണ്ട്. മഞ്ഞപ്പിത്തരോഗവുമായി ബന്ധപ്പെട്ട് പൊതുഅവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് എന്ന രോഗത്തിന് മരുന്ന് കണ്ടെത്തിയിട്ടില്ലാത്തതിനാൽ ഒരു എസ്.ഒ.പി. തയ്യാറാക്കുന്നതിനുള്ള നടപടി ഐ.സി.എം.ആർ.-മായി സഹകരിച്ചുകൊണ്ട് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. നാഷണൽ ഹെൽത്ത് മിഷന് ലഭ്യമാക്കേണ്ട കേന്ദ്രവിഹിതം യഥാസമയം അനുവദിക്കാത്തതുമൂലം 2023-24 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരാണ് തുക നൽകിയത്. ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കി ഒരു വർഷം 6.5 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 444 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ നിയമം പ്രാദേശികാടിസ്ഥാനത്തിൽ ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന

നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) വടക്കൻ മലബാറിലെ ട്രെയിൻ യാത്രാക്ലേശം

ശ്രീ. ഇ. കെ. വിജയൻ: യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് കൂടുതൽ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കാത്തതും കോച്ചുകളുടെ എണ്ണം വെട്ടിച്ചുരുക്കിയതും ജനറൽ കമ്പാർട്ടുമെന്റ് ഒഴിവാക്കിയതും വടക്കൻ കേരളത്തിലെ ട്രെയിൻ യാത്ര ദുരിതത്തിലാക്കുകയും തിരക്കുകാരണം യാത്രക്കാർ മരണപ്പെടുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോവിഡ് കാലത്ത് നിർത്തലാക്കിയ സർവ്വീസുകളും സ്റ്റോപ്പുകളും പുനരാരംഭിക്കുന്നതിനും ടിക്കറ്റ് ചാർജ്ജിലുണ്ടായിരുന്ന ഇളവുകൾ പുന:സ്ഥാപിക്കുന്നതിനും ഷൊർണ്ണൂർ-കണ്ണൂർ റൂട്ടിൽ മെമു ട്രെയിൻ അനുവദിക്കുന്നതിനും കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. ദീർഘദൂര ട്രെയിനുകളിലെയും യാത്ര ദുഷ്കരമാണ്. ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ട്രെയിനുകളിലെ ജനറൽ കമ്പാർട്ടുമെന്റുകളുടെ

കുറവ് ട്രെയിൻ യാത്രയെ സാരമായി ബാധിച്ചിട്ടുണ്ട്. റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിനും റെയിൽവേ ലൈനുകളും പ്ലാറ്റ്ഫോമുകളും നിർമ്മിക്കുന്നതിനും കേന്ദ്ര സർക്കാർ മെല്ലെപ്പോക്ക് നയമാണ് സ്വീകരിച്ചുവരുന്നത്. യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് സ്പെഷ്യൽ/മെമു ട്രെയിനുകൾ അനുവദിക്കുന്നതിനും കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും അനുവദിച്ച പാസഞ്ചർ ട്രെയിൻ സർവ്വീസ് ഷൊർണ്ണൂർ-കാസർഗോഡ് ആക്കി സമയം ക്രമീകരിക്കുന്നതിനും കാലപ്പഴക്കമേറിയതും വൃത്തിഹീനമായതുമായ ബോഗികൾ ഒഴിവാക്കുന്നതിനും സംസ്ഥാന സർക്കാർ നിരന്തര ശ്രമം നടത്തിവരികയാണ്. ഇക്കാര്യത്തിനായി കേന്ദ്ര റെയിൽവേ മന്ത്രിയുമായി വീണ്ടും കൂടിക്കാഴ്ച നടത്തുന്നതാണ്. കോവിഡ് കാലത്ത് റെയിൽവേ വെട്ടിച്ചുരുക്കിയ സർവ്വീസുകളും സ്റ്റോപ്പുകളും മുതിർന്ന പൗരന്മാർക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചിട്ടില്ല. യാത്രക്കാരുടെ എണ്ണമനുസരിച്ച് പുതിയ കോച്ചുകൾ അനുവദിക്കുക, കൂടുതൽ മെമു സർവ്വീസുകൾ ആരംഭിക്കുക, ട്രെയിനുകളിലെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുക, ആഘോഷ-അവധി ദിവസങ്ങളിൽ തിരക്കുള്ള റൂട്ടുകളിൽ പുതിയ ട്രെയിനുകൾ ഏർപ്പെടുത്തുക, കേരളത്തിന്റെ രണ്ടാമത്തെ

വന്ദേഭാരതിലെ കോച്ചുകളുടെ എണ്ണം 16 ആയി വർദ്ധിപ്പിക്കുക, വന്ദേഭാരത് ട്രെയിനുകൾക്ക് വഴിയൊരുക്കാൻ മറ്റ് ട്രെയിനുകൾ പിടിച്ചിടുന്നത് ഒഴിവാക്കുക, ജനറൽ കമ്പാർട്ടുമെന്റ് കുറച്ചതിനാൽ അൺറിസർവ്ഡ് കോച്ചുകളിൽ അനുഭവപ്പെടുന്ന തിരക്ക് തുടങ്ങിയ വിഷയങ്ങൾ 03.07.2024-ന് റെയിൽവേ ഉദ്യോഗസ്ഥരുമായി ചേരുന്ന യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

## (2) മൂവാറ്റുപുഴ-പെരിയാർവാലി ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. അനൂപ് ജേക്കബ്: മൂവാറ്റുപുഴ-പെരിയാർവാലി ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കാത്തതുമൂലം കനാലുകളിൽ ലീക്കുണ്ടാകുകയും പാടശേഖരങ്ങളിൽ വെള്ളക്കെട്ടുണ്ടാകുകയും ചെയ്യുന്ന സ്ഥിതി സംജാതമാകുകയാണ്. കനാലുകളോട് ചേർന്നുള്ള റോഡുകൾ നവീകരിക്കാനോ കാടുകൾ വെട്ടിത്തെളിക്കാനോ കഴിയാത്തതിനെത്തുടർന്ന് കനാലുകൾക്ക് ബലക്ഷയമടക്കമുള്ള പ്രശ്നങ്ങളുണ്ടാകുന്നതിനാൽ മതിയായ തുക വകയിരുത്തി മൂവാറ്റുപുഴ-പെരിയാർവാലി ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ എത്രയുംവേഗം നടത്താനും വൈദ്യുതി കുടിശ്ശികയുള്ള ലിഫ്റ്റ് ഇറിഗേഷൻ

പ്രോജക്ടുകളുടെ ഫ്യൂസ് ഊരുന്ന സാഹചര്യം ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്ക് (എം.വി.ഐ.പി.) കീഴിലുള്ള കനാൽ ശൃംഖലകളുടെ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചതിലൂടെ 12943.63 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 2023-24-ലെ ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിച്ച 31 പ്രവൃത്തികളിൽ 22 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2024-25-ലെ 32 അറ്റകുറ്റപ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ നാല് റീച്ചുകളും പിറവം ബ്രാഞ്ച് കനാലിന്റെ ബാക്കി പ്രവൃത്തികളും ഉൾപ്പെടുത്തി 36.5 കോടി രൂപയുടെ ഡി.പി.ആർ. നബാർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ബഡ്ജറ്റ് വിഹിതമുപയോഗിച്ച് പെരിയാർവാലി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലയുടെ വാർഷിക അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ നടത്തി എല്ലാ വർഷവും 32800 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തിവരുന്നുണ്ട്. നബാർഡ് RIDF XXX-ൽ ഉൾപ്പെടുത്തി

പെരിയാർവാലി കനാലുകളുടെ റീവാമ്പിംഗ് പ്രവൃത്തികൾ നടപ്പാക്കാനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. വാർഷിക അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിനും അടിയന്തര സ്വഭാവമുള്ള കനാൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുമാണ് മുൻഗണന നൽകിവരുന്നത്. കനാലിൽ വന്നടിയുന്ന മാലിന്യങ്ങളും ജലവിതരണത്തിന് തടസ്സമുണ്ടാക്കുന്ന ശിഖരങ്ങളും വൃക്ഷങ്ങളും വാർഷിക അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്ന വേളയിൽ കൃത്യമായി നീക്കം ചെയ്തുവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന പ്രോജക്ടുകളായതിനാൽ ഇവ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വൈദ്യുതി തുക അടയ്ക്കാത്തതുമൂലം ഫ്യൂസ് ഊരുന്ന പ്രശ്നമുണ്ടാകാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

## III സബ്മിഷൻ

### (1) സുഗന്ധഗിരിയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: വയനാട്ടിലെ സുഗന്ധഗിരി കാർഡമം പ്രോജക്ട് ഭൂമിയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ അവകാശമുള്ള പട്ടയം നൽകാനുള്ള സാധ്യത പരിശോധിക്കാനും വൈത്തിരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സുഗന്ധഗിരി കാർഡമം പ്രോജക്ട് ഭൂമിയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പിൽനിന്നും വിട്ടുകിട്ടിയ നിക്ഷിപ്ത വനഭൂമിയിലാണ് കൈവശരേഖ നൽകിയിട്ടുള്ളതെന്നതിനാൽ നിലവിലെ നിയമപ്രകാരം പട്ടയം ലഭ്യമാക്കാൻ സാധ്യമല്ല. എന്നാൽ വനാവകാശ നിയമപ്രകാരം ഭൂമിയുടെ അവകാശം അനന്തരാവകാശികൾക്ക് ലഭിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് മാത്രമല്ല അവരുടെ അഭാവത്തിൽ അടുത്ത കുലബന്ധുവിലേയ്ക്ക് വന്ന് ചേരുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വനഭൂമി വനേതരാവശ്യത്തിന് കൈമാറി ഉപയോഗിച്ചുവരുന്നതും 1980-ലെ വനസംരക്ഷണ നിയമത്തിൽ വരുത്തിയ ഭേദഗതിയുടെ പരിധിയിൽ ഉൾപ്പെടുന്നതുമാണെങ്കിൽ 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്ന വിഷയത്തിന്മേൽ വനംവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. ടി വിഷയം ചർച്ച ചെയ്യുന്നതിനായി അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേരാവുന്നതാണ്. വൈത്തിരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കണമെന്ന വിഷയം സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരിഗണിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം.

(2) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖല നവീകരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാൽ ശൃംഖലകൾ പുനരുദ്ധരിക്കാനും മണ്ണും എക്കലും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ടി പദ്ധതിയുടെ കനാലുകളുടെ പുനരുദ്ധാരണത്തിനായി 175 കോടി രൂപയുടെയും കുറ്റ്യാടി, പേരാമ്പ്ര നിയോജകമണ്ഡലങ്ങളിലെ വിവിധ കനാലുകളുടെ നവീകരണത്തിനായി 9.33 കോടി രൂപയുടെയും പദ്ധതിരേഖ പരിശോധിച്ചുവരികയാണ്.

(3) കാസർഗോഡ് ആർ.ആർ.ടി. അനുവദിക്കൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് ആർ.ആർ.ടി. അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാസർഗോഡ് ജില്ലയിൽ അടിയന്തരമായി ആർ.ആർ.ടി. രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) കൊച്ചി തുറമുഖത്തുനിന്നുള്ള കപ്പൽ ഗതാഗതം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: തുറമുഖ വകുപ്പിന്റെയും മാരിടൈം ബോർഡിന്റെയും നേതൃത്വത്തിൽ കൊച്ചി തുറമുഖത്തുനിന്നും രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും കപ്പൽ ഗതാഗതം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കൊച്ചി തുറമുഖം വഴിയാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിവിധ രാജ്യങ്ങളിലേയ്ക്കുമുള്ള ചരക്ക് ഗതാഗതവും അന്താരാഷ്ട്ര യാത്രാ കപ്പൽ സർവ്വീസും നടന്നുവരുന്നത്. കൊച്ചി തുറമുഖത്തിന്റെ വികസനത്തിനും ചരക്ക്/യാത്രാ കപ്പൽ ഗതാഗതത്തിനും ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്. ദുബായ് സെക്ടറിൽനിന്നും കേരളത്തിലേയ്ക്ക് യാത്രാ കപ്പൽ സർവ്വീസ് നടത്താൻ താല്പര്യമുള്ള കമ്പനികളുമായി കേരള മാരിടൈം ബോർഡ് നടത്തിയ ചർച്ചയിൽ കൊച്ചി തുറമുഖമാണ് ആദ്യഘട്ടത്തിൽ കേരളത്തിൽ വലിയ കപ്പലുകൾ അടുക്കാൻ

സജ്ജമായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഗൾഫ് മേഖലയിൽനിന്നും കേരളത്തിലേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന യാത്രാ കപ്പൽ സർവ്വീസ് കൊച്ചി തുറമുഖവുമായി ബന്ധപ്പെടുത്തി നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടുന്നതാണ്.

(5) നെന്മാറയിലെ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): കൊല്ലങ്കോട് - സീതാർകുണ്ട് റോഡ്, കൊടുവായൂർ-പിട്ടുപീടിക-മാങ്ങോട് റോഡ്, നെന്മാറ-നെല്ലിയാമ്പതി ചുരം റോഡ്, കാരപ്പാറ റോഡ്, പറമ്പിക്കുളം റോഡ്, കണ്ണനിക്കടവ് പാലം, ഊട്ടറ പാലം, നെന്മാറ സി.എച്ച്.സി., പല്ലാവൂർ, കൊടുവായൂർ, മുതലമട സ്കൂളുകൾ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നെന്മാറ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പ്രവൃത്തികളിൽ നിരത്തുവിഭാഗത്തിനുകീഴിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള നെന്മേനി-സീതാർകുണ്ട് റോഡ് പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ പിട്ടുപീടിക, മൈല, മാങ്ങോട് റോഡിന്റെ

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ റിസ്ക് ആൻഡ് കോസ്റ്റിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡുകളിലെ ജൽജീവൻ മിഷൻ പ്രവൃത്തിയുടെ റോഡ് കട്ടിംഗിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടതുണ്ട്. കൊല്ലങ്കോട്-കുനിശ്ശേരി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് അവിടത്തെ ജൽജീവൻ മിഷൻ പ്രവൃത്തിയും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ടാറിംഗ്, റോഡ് സേഫ്റ്റി പ്രവൃത്തികൾ കാലാവസ്ഥയ്ക്കനുയോജ്യമായി പൂർത്തിയാക്കുന്നതാണ്. നെന്മാറ മണ്ഡലത്തിലെ പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (6) ഉപ്പള ഫ്ലൈ ഓവർ ബ്രിഡ്ജിന്റെ നീളം വർദ്ധിപ്പിക്കുന്നതിനും സർവ്വീസ് റോഡുകളിൽ ബസ് ബേ, നടപ്പാത നിർമ്മിക്കുന്നതിനും നടപടി

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം രാഗം പരിസരത്ത് അണ്ടർ പാസ്സേജ് അനുവദിക്കുന്നതിനും ഉപ്പള ഫ്ലൈ ഓവർ ബ്രിഡ്ജിന്റെ നീളം വർദ്ധിപ്പിക്കുന്നതിനും സർവ്വീസ് റോഡുകളിൽ ബസ് ബേ, നടപ്പാത എന്നിവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 66-ൽ പ്രവൃത്തി നടക്കുന്ന തലപ്പാടി-ചെങ്കള റീച്ചിൽ

74 ശതമാനം പ്രവൃത്തി പൂർത്തിയാക്കുകയും ചില സ്ഥലങ്ങളിൽ ആറുവരി ഗതാഗതം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേശ്വരത്ത് അടിപ്പാത നിർമ്മാണ പ്രവൃത്തിയുടെ ഫിനിഷിംഗ് ജോലികൾ പൂർത്തീകരിക്കുന്നതോടെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോവിന്ദ പൈ കോളേജ് പരിസരത്ത് അണ്ടർ പാസ്സേജ് അനുവദിക്കുന്നതിന് സാങ്കേതിക തടസ്സമുള്ളതിനാൽ അവിടെ ഫുട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതാണെന്നും പെർവാട് ഭാഗത്ത് ഫുട്ട് ഓവർ ബ്രിഡ്ജ് പരിഗണനയിലുണ്ടെന്നും ഉപ്പളയിൽ 210 മീറ്റർ നീളമുള്ള ഫ്ലൈ ഓവർ പ്രവൃത്തി ആരംഭിച്ചതിനാൽ ഫ്ലൈ ഓവറിന് നീളം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചർച്ച എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം മണ്ഡലത്തിലെ വിഷയങ്ങൾ ഒരിക്കൽക്കൂടി ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (7) വൈക്കം, കണിയാമ്പുഴ റോഡുകളുടെ വികസനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് വികസനത്തിനും തൃപ്പൂണിത്തുറ-എരൂർ-കണിയാമ്പുഴ റോഡ് നിർമ്മാണത്തിനും ആവശ്യമായ ലാൻഡ് അക്വിസിഷൻ നടപടി പൂർത്തിയാക്കി പദ്ധതി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എസ്.എൻ. ജംങ്ഷൻ-പൂത്തോട്ട റോഡ് നാലുവരിപ്പാതയാക്കുന്ന പ്രവൃത്തിക്ക് 300 കോടി രൂപയുടെ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിന് 450 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് കിഫ്ബി തീരുമാനിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സാമൂഹികാഘാതപഠനം നടത്തി പദ്ധതിക്ക് വിദഗ്ദ്ധ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. സ്ഥലം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബസ് ബേ, ജംങ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവ ഉൾപ്പെടുത്തി അലൈമെന്റ് റിവൈസ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഏരൂർ-കണിയാമ്പുഴ റോഡ് പ്രവൃത്തിക്ക് 10 കോടി

രൂപയുടെ ഭരണാനുമതി നൽകുകയും റോഡ് അലൈമെന്റിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(8) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനം

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണത്തിനും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനുവേണ്ടി കിഫ്ബി മുഖേന തുക അനുവദിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമാകാത്തതിനെത്തുടർന്ന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് തീരുമാനിക്കുകയും പുതുക്കിയ ഡി.പി.ആർ. എസ്.പി.വി. ആയ ഹൈറ്റ്സ് കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാലുനിലകളോടുകൂടിയ പുതിയ ബ്ലോക്കിന്റെ ഡിസൈൻ റിവ്യൂ സംബന്ധിച്ച

പരിശോധനകൾ പൂർത്തിയായശേഷം കിഫ്ബിയിൽ നിന്നും ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടികളുടെ ഐ.സി.യു.-വിൽ 10 ബെഡ്ഡുകൾ സജ്ജീകരിക്കുകയും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കാനാവശ്യമായ ത്രീ ഫെയ്സ് വയറിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടം യാഥാർത്ഥ്യമാകുന്നതോടെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയും. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## (9) സൗജന്യ ചികിത്സാ പദ്ധതികളിന്മേൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക

ശ്രീ. എ. പി. അനിൽ കുമാർ: സർക്കാരിന് കീഴിലുള്ള വിവിധ സൗജന്യ ചികിത്സാ പദ്ധതികളിന്മേൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക അനുവദിച്ച് സാധാരണ ജനങ്ങൾക്ക് പരമാവധി സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): എല്ലാവർക്കും ആരോഗ്യ പരിരക്ഷ എന്നുള്ളതാണ് സർക്കാരിന്റെ നയം. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിലവിൽ വന്നതിനുശേഷം വിവിധ

ചികിത്സാ പദ്ധതികൾ സംയോജിപ്പിച്ചാണ് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നത്. ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം പ്രതിവർഷം 1600 കോടി രൂപയോളം ചെലവഴിക്കുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ചികിത്സാസഹായം നൽകുന്നുണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാസഹായം നൽകുന്നുണ്ട്. ഉയർന്ന ചികിത്സാ ചെലവുകൾ ആവശ്യമായി വരുന്നവർക്ക് സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ സഹായം നൽകുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗുരുതര ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും ഓഡിറ്ററി വെർബൽ തെറാപ്പിയും നൽകുന്നുണ്ട്. ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസർ അപ്ഗ്രഡേഷൻ തുടങ്ങിയവയും സൗജന്യമായി നൽകുന്നുണ്ട്.

## (10) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): പയ്യന്നൂർ ഫുട്ബാൾ/മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ 10 ശതമാനം കിറ്റ്കോ പൂർത്തീകരിച്ചെങ്കിലും ഭാരമേറിയ വാഹനങ്ങൾ സമീപ റോഡിലൂടെ കടന്നുപോകുമ്പോൾ കൺസ്ട്രക്ഷൻ ഗ്രൗണ്ടിൽ വൈബ്രേഷൻ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. മണ്ണ് അടിഞ്ഞുകൂടാൻ സാധ്യതയുള്ള പ്രദേശമായതിനാൽ ഫൗണ്ടേഷൻ റീഡിസൈൻ ചെയ്യാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ടോട്ടൽ സെറ്റിൽമെന്റ് അടക്കം എല്ലാ പാരാമീറ്ററുകളും പുനഃപരിശോധന നടത്തണമെന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, കിഫ്ബി അംഗീകരിച്ച റിപ്പോർട്ട്, ഒറിജിനൽ റേറ്റ് ഡീവിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കിറ്റ്കോ സമർപ്പിക്കണമെന്നും അതിനുശേഷം ബാലൻസ് പ്രവൃത്തികൾ റീടെണ്ടർ ചെയ്യണമെന്നും കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിരണ്ടാമത് റിപ്പോർട്ടും യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

(247,73,49,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

(1147,04,24,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

(769,37,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

(4249,58,71,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സ്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിഭജിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിനെ സംയോജിപ്പിച്ച് സുശക്തമായ ഒരു വകുപ്പാക്കി മാറ്റി ഒരു മന്ത്രിയുടെ ചുമതലയിൽ കൊണ്ടുവന്നും ഏകീകൃത സിവിൽ സംവിധാനത്തിലൂടെയും ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. കെ.-സ്മാർട്ട് പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈനാക്കിയ നടപടി പ്രശംസനീയമാണ്. മാലിന്യ സംസ്കരണ രംഗത്ത് കൈവരിച്ച നേട്ടങ്ങളും ക്ലീൻ കേരള മിഷന് രൂപംനൽകിയതും അഭിനന്ദനമർഹിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ട്രഷറി നിയന്ത്രണംമൂലം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. നഗരസഭകളിൽ കെ-സ്മാർട്ട് സംവിധാനം നടപ്പിലാക്കിയത് നിരവധി ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ട്. ലൈസൻസ് പുതുക്കാനായി വ്യാപാരികൾ നിരവധി രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണം. സർക്കാർ വിഹിതം സമയബന്ധിതമായി നൽകാത്തതിനാൽ ലൈഫ്, പി.എം.എ.വൈ. ഭവന പദ്ധതികൾ സ്തംഭനാവസ്ഥയിലാണ്. തനത് ഫണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള ധനകാര്യ വകുപ്പിന്റെ സർക്കുലർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശം കവരുന്നതാണ്. വകുപ്പുകൾ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക വർദ്ധിച്ചതിനാൽ അവർ പുതിയ കരാറുകൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ടിന്മേൽ അഭിപ്രായം അറിയിക്കാൻ സാധിക്കാത്തത് ഖേദകരമാണ്.

ശ്രീ. പി. എസ്. സുപാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും വീട് നിർമ്മിച്ചുനൽകാൻ സാധിക്കണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റവുമധികം തൊഴിൽ ദിനം നൽകിയതും ക്ഷേമനിധി ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. കെ-സ്മാർട്ട്, മാലിന്യനിർമ്മാർജ്ജനം തുടങ്ങി മാതൃകാപരമായ പദ്ധതികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഹരിത കർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ പരിരക്ഷയും സൗജന്യ ചികിത്സയും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കെട്ടിട നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കണം. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളാൽ നാശോന്മുഖമായ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. പദ്ധതി വിഹിതം വെട്ടിക്കുറച്ചും ക്യാരി ഓവർ പദ്ധതികൾക്ക് നിയന്ത്രണം

ഏർപ്പെടുത്തിയതും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിശോധിക്കണം. ക്ഷേമപെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും വർഷത്തിലൊരിക്കൽ മസ്റ്ററിംഗ് നടത്തണമെന്ന നിബന്ധനയിൽ ഇളവ് വരുത്തുന്ന കാര്യത്തിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുകയും വേണം. ഹരിത കർമ്മസേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫെസ്റ്റിവൽ അലവൻസുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. കെട്ടിട നികുതി വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കണം.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും വനിത ഉദ്യോഗസ്ഥരുൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനും ഫുട്പാത്ത്, റോഡുകൾ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനും

നടപടി സ്വീകരിക്കണം. കെട്ടിട നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇൻസെന്റീവുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ശ്ലാഘനീയമാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. മയക്കുമരുന്ന് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള നേർവഴി, ശ്രദ്ധ പദ്ധതികൾ കൃത്യമായി നിരീക്ഷിക്കണം. വീട് വയ്ക്കാനുള്ള അനുമതിയും വിവിധ ലൈസൻസുകളും യഥാസമയം നൽകാൻ സാധിക്കുന്നത് അഭിമാനാർഹമാണ്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അഭിമാനാർഹമാണ്. എല്ലാ വർഷവും പദ്ധതി വിഹിതം വർദ്ധിപ്പിച്ച് വികസന-ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വിജയകരമാക്കുകയും ചെയ്തത് മാതൃകാപരമാണ്. കെ-സ്മാർട്ട് പദ്ധതിയിലെ സാങ്കേതിക പ്രശ്നം പരിഹരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കണം. ചെറുകിട-വ്യാപാര സ്ഥാപനങ്ങൾക്ക് യഥാസമയം ലൈസൻസ് നൽകുന്നതിനും മാലിന്യ സംസ്കരണത്തിന് നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ അപര്യാപ്തത പരിഹരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ 100 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. നഗരങ്ങളിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് സൗകര്യം ഉറപ്പാക്കാനും ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കാനും വെള്ളക്കെട്ട് പരിഹരിക്കാനും നടപടി സ്വീകരിക്കണം. കോഴിക്കോട് നഗരത്തിലെ മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണം. കോഴിക്കോട് ജില്ലയിലെ കോട്ടൂളിയിലെ കളിസ്ഥലം ഏറ്റെടുക്കാനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കണം. രാത്രികാലങ്ങളിൽ നടക്കുന്ന

അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

ശ്രീ. ടി. ഐ. മധുസൂദനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം വളരെ കുറവാണ്. മദ്യവർജ്ജന നടപടികളിലൂടെ മദ്യഉപഭോഗം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. പുതുതലമുറയുടെ ലഹരി ഉപയോഗം കുറയ്ക്കാനാവശ്യമായ ബോധവത്കരണം നടത്താൻ സർക്കാർ മുൻകൈയെടുക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡ് നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് അനുവദിക്കാനും അതത് വർഷം ചെലവഴിക്കാൻ സാധിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം വിനിയോഗിക്കാനുള്ള അനുമതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പഞ്ചായത്ത് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ, മുടക്കുഴ പഞ്ചായത്തുകളിൽ പമ്പ് ഓപ്പറേറ്റർമാരുടെ അഭാവംമൂലം ശുദ്ധജലമെത്തിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ശുദ്ധീകരിക്കാത്ത മലിനജലം

ഉപയോഗിച്ചതുമൂലം മഞ്ഞപ്പിത്തം ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കണം. വിവിധ കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് വർദ്ധനവ് പുനഃപരിശോധിക്കണം.

ശ്രീമതി ശാന്തകുമാരി കെ.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാതയോരങ്ങളും പൊതുയിടങ്ങളും ശുചിത്വത്തിന്റെ മാതൃകകളായി മാറിയത് ഇടതുപക്ഷ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളാണ്. ഹരിത കേരളം, ആർദ്രം, ലൈഫ് മിഷൻ പദ്ധതികളിലൂടെയാണ് ഗ്രാമീണ ജനതയ്ക്ക് പുതുജീവിതം അനുഭവവേദ്യമായത്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 64000-ത്തിലധികം കുടുംബങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരികയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തോടൊപ്പം സമ്പത്ത് ഉല്പാദന പ്രക്രിയകളിലും സ്ത്രീകൾ പങ്കാളികളാകണമെന്ന പുത്തനാശയങ്ങൾ പ്രാവർത്തികമാക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ നഗര-ഗ്രാമീണ, ട്രൈബൽ മേഖലകളിലായി ഓരോ വർഷവും പത്ത് കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. രാജ്യത്താദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കെ-സ്മാർട്ട്, ഡിജികേരളം തുടങ്ങിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കണം. ആശുപത്രികളിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളിൽ മാറ്റംവരുത്തണം. 'കോളനി' എന്ന വാക്ക് 'നഗർ' എന്നാക്കിമാറ്റുന്നതിനുള്ള പ്രഖ്യാപനം ശ്രദ്ധേയമാണ്.

ഡോ. സുജിത് വിജയൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാലിന്യനിർമ്മാർജ്ജനത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ചട്ടവിരുദ്ധ കെട്ടിട നിർമ്മാണങ്ങൾ നിയമനിർമ്മാണത്തിലൂടെ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. കെ ഫോർ കെയർ, എ ഹെൽപ് എന്നീ പദ്ധതികളിലൂടെ കുടുംബശ്രീക്ക് വിവിധ മേഖലകളിൽ മുന്നേറ്റം നടത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ തടസ്സരഹിതമായി ലഭ്യമാക്കാനും കെ-സ്മാർട്ട്, ലൈഫ് മിഷൻ, മനസ്സോടിത്തിരി മണ്ണ് എന്നീ പദ്ധതികൾ വിജയകരമായി നടപ്പാക്കാനും സാധിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയിലേയ്ക്കുള്ള അക്സ്സ് പെർമിറ്റ് ലഭ്യമാക്കുന്നതിനും കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മാറ്റങ്ങൾ കാരണം സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്

സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനും കെ.ഇ.ആർ.-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കണം. ചവറ നിയോജകമണ്ഡലത്തിൽ സി.ആർ.ഇസഡ്.-ന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളെയും കോർപ്പറേഷനുകളെയും കാറ്റഗറി 3-ൽ നിന്നും കാറ്റഗറി 2-ലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ചവറയിൽ എക്സൈസ് റെയിഞ്ച് ഓഫീസ് ആരംഭിക്കണം. അതിഥി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അവരുടെ ക്യാമ്പുകൾ പരിശോധിക്കുന്നതിനുമാവശ്യമായ ഇടപെടലുകൾ നടത്തണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഒന്നാം സ്ഥാനം നിലനിർത്താൻ കേരളത്തിന് സാധിച്ചത് അഭിനന്ദനാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ മേധാവിത്വം നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ജനങ്ങളിലേയ്ക്ക് അധികാരമെത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയും വേണം. ഗ്രാമസഭകളെ ഫലപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗിനെ ശക്തമാക്കുന്നതിനും ഇടപെടൽ നടത്തണം. 2025-ഓടെ അതിദാരിദ്ര്യം

പൂർണ്ണമായും തുടച്ചുനീക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം പതിനായിരം രൂപയെങ്കിലും ലഭ്യമാക്കാനുതകുന്ന നടപടികൾ സ്വീകരിക്കണം. മാലിന്യമുക്ത നവകേരളം കെട്ടിപ്പടുക്കാൻ ബോധവത്കരണത്തിനൊപ്പം കർശന നിയമവ്യവസ്ഥകളും ഏർപ്പെടുത്തണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാരുടെ പുനർവിന്യാസം എത്രയുംവേഗം പൂർത്തിയാക്കണം. ചെറിയ വീടുകൾക്ക് കെട്ടിട നികുതി ഒഴിവാക്കാനും സ്വകാര്യ വ്യക്തികളിൽനിന്ന് പഞ്ചായത്തുകൾ മുഖേന ലീസിന് സ്ഥലമേറ്റെടുത്ത് എം.സി.എഫ്.-കൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതി കാര്യക്ഷമമാക്കാനും പഞ്ചായത്തുകളിലെ അസറ്റ് രജിസ്റ്റർ പൂർണ്ണമാക്കാനും നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പ് ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2023-24 വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിക്കാതെ ട്രഷറി നിയന്ത്രണത്തിലൂടെ പദ്ധതികൾക്ക് തടസ്സം സൃഷ്ടിച്ച് തദ്ദേശസ്ഥാപനങ്ങളെ ഞെരുക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായ ഫണ്ട് വിനിയോഗത്തിന് അവസരമൊരുക്കണം. ഡയാലിസിസ് രോഗികൾക്ക് പഞ്ചായത്തുകൾ വഴി ധനസഹായം അനുവദിക്കണം. റെഡ് സോണിൽനിന്നും ഒഴിവാക്കി കാലിക്കറ്റ് എയർപോർട്ടിന് സമീപത്തുള്ളവർക്ക് വീടുവയ്ക്കാനാവശ്യമായ എൻ.ഒ.സി. നൽകണം.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അതിദരിദ്രരില്ലാത്ത കേരളം യാഥാർത്ഥ്യമായി വരികയാണ്. മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് സാധിച്ചിട്ടുണ്ട്. ടോഡി ബോർഡ് പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കണം. കള്ള് ഷാപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി പുനഃപരിശോധിക്കാനും എക്സൈസ് വകുപ്പിൽ കാലോചിതമായ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് DCAT (Disaster risk reduction and Climate Action Tracker) പദ്ധതി ആവിഷ്കരിച്ചതും കേരളത്തിലെ ആദ്യത്തെ IoT (Internet of Things) ആയി കാട്ടാക്കട പഞ്ചായത്തിനെ പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖാന്തരം 100 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചതും 2025 ഓടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. മദ്യനയം രൂപീകരിക്കുമ്പോൾ ചെത്ത് തൊഴിലാളികൾക്കുകൂടി സംരക്ഷണം നൽകണം. ദൂരപരിധിയുടെ കാര്യത്തിൽ കള്ളുഷാപ്പുകളോട് പുലർത്തുന്ന വിവേചനം അവസാനിപ്പിക്കുകയും സ്കൂൾ/കോളേജ് വിദ്യാർത്ഥികളെക്കൊണ്ട് മയക്കുമരുന്നിനെതിരായ ഷോർട്ട്/ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ത്രിതല പഞ്ചായത്ത് സംവിധാനത്തെ തകർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എക്സൈസ് വകുപ്പ് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലെ

ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കണം. പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണം. പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ രാഷ്ട്രീയ താല്പര്യത്തിനനുസൃതമായി സ്ഥലംമാറ്റുന്നത് അവസാനിപ്പിക്കണം. പ്ലാൻ ഫണ്ടിനത്തിൽ പഞ്ചായത്തുകൾക്ക് അർഹതപ്പെട്ട തുക അനുവദിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ധനാഭ്യർത്ഥന ചർച്ചയിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ഉയർന്നുവന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന വാദം വസ്തുതാവിരുദ്ധമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള 1237.75 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 0.5% വർദ്ധിപ്പിക്കുകയും 2024-25-ൽ 28.09% ഗ്രാന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 23583 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയ ആദ്യത്തെ

സംസ്ഥാനം കേരളമാണ്. ലൈഫ് പദ്ധതിയിൽ 404529 വീടുകൾ പൂർത്തിയാക്കുകയും 103346 വീടുകളുടെ നിർമ്മാണം നടന്നുവരികയുമാണ്. ഇൻഡ്യയിൽ തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പിലാക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. നടപ്പുസാമ്പത്തിക വർഷം ജലസംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 24,735 കിണറുകൾ റീചാർജ് ചെയ്യുന്നതാണ്. 3,880 കാർഷിക കുളങ്ങൾ നിർമ്മിക്കുന്നതിലൂടെ മഴക്കാലത്ത് 7,76000 ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാനും ഭൂഗർഭ ജലവിതാനം ഉയർത്താനും സാധിക്കും. ആദിവാസി മേഖലകളിൽ ട്രൈബൽ പ്ലസ് മുഖേന 200 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിലൂടെ 20 ലക്ഷം പേർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ആദ്യമായി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് കേരളമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള കെ-സ്മാർട്ട് പദ്ധതി നവംബർ 1 മുതൽ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതാണ്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വാതിൽപ്പടി മാലിന്യ

ശേഖരണത്തിലും യൂസർഫീ കളക്ഷനിലും വർദ്ധനവുണ്ടാക്കാനും തദ്ദേശസ്ഥാപനങ്ങളിൽ എം.സി.എഫ്. ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങളുടെ എണ്ണം 36510 ആയും മാലിന്യശേഖരണം ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഹരിതമിത്രം ആപ് ഉപയോഗിക്കുന്നവരുടെ എണ്ണം 40 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ബ്രഹ്മപുരത്ത് ബയോ മൈനിംഗ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. 265 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കിലെയുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചിന് രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരുവർഷത്തിനകം ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത സംസ്ഥാനമായും ആദ്യത്തെ ഭരണഘടനാ സാക്ഷരത സംസ്ഥാനമായും കേരളം മാറാൻ പോകുകയാണ്. കൊച്ചിയിലെയും തിരുവനന്തപുരത്തെയും സ്മാർട്ട് സിറ്റി മിഷനുകൾ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈനായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥലം മാറ്റം നടപ്പാക്കിയത്. ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തകരാറിലായ ഗ്രാമീണ

റോഡുകളുടെ നവീകരണത്തിനായി 1000 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്; ഈ വർഷം തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. ലഞ്ച് ബെൽ, വെജിറ്റബിൾ കിയോസ്കുകൾ, കെ-ലിഫ്റ്റ്, പ്രീമിയം കഫേ, കേരള ചിക്കൻ തുടങ്ങിയ പദ്ധതികൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ വിജയകരമായി നടന്നുവരികയാണ്. കുടുംബശ്രീയുടെ ബാക് ടു സ്കൂൾ പദ്ധതിയിൽ 40 ലക്ഷം പേർ പങ്കെടുത്തത് അഭിമാനകരമാണ്.

മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ് കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിരവധി പേർക്കെതിരെ അബ്കാരി/NDPS/COTPA കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് വിപത്തിനെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ എം.എൽ.എ.-മാർ പങ്കാളികളാകുകയും പ്രാദേശികതലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മയക്കുമരുന്നിനെതിരായ ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രചാരണ

പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**VII നിയമനിർമ്മാണ കാര്യം**

2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം

മി. സ്പീക്കർ: 2024-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ തടസ്സവാദത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഗവൺമെന്റ് ബില്ലുകൾ മുൻകൂറായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും ബിൽ 2024 ഫെബ്രുവരി 5-ന് സഭയിൽ അവതരിപ്പിച്ചിട്ടുള്ളതിനാലും തടസ്സവാദത്തിന് പ്രസക്തിയില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> ഉദ്യോഗസ്ഥന്റെ തീരുമാനത്തിനനുസരിച്ച് ആംനസ്റ്റി പിരിക്കുന്നത് നിയമനിർമ്മാണത്തിന്റെ പ്രാഥമിക തത്വങ്ങൾക്ക് എതിരാണ്.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ):</u> 2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വിവിധ നികുതി നിയമങ്ങളുടെ കുടിശ്ശിക തീർപ്പുകൽപ്പിക്കാനുള്ള പദ്ധതിയായതിനാൽ തടസ്സവാദം നിലനിൽക്കില്ല.

<u>മി. സ്പീക്കർ:</u> തടസ്സവാദം നിലനിൽക്കുന്നതല്ല.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ):</u> 2024-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി <u>(ശ്രീ. കെ. കൃഷ്ണൻകുട്ടി):</u> ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽകുമാർ: 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ: 2024-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, സാമൂഹ്യക്ഷേമം, തീരസംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്കായി ധനസമ്പാദനം നിർബന്ധമാണ്. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ അധിക ധനസമാഹരണം ആവശ്യമാണ്. ടൂറിസ്റ്റ് ബസുകളുടെ നികുതി കുറയ്ക്കുന്നതിലൂടെ നികുതിയിനത്തിലും രജിസ്ട്രേഷൻ, ഫിറ്റ്നസ് ഫീസ് ഇനങ്ങളിലും ഉണ്ടായിരുന്ന നഷ്ടം ഇല്ലാതാക്കാൻ സാധിക്കും. തനത് വരുമാന സ്രോതസ്സുകൾ വഴി ചെലവുകളുടെ മുഖ്യപങ്കും നിർവ്വഹിക്കുന്നത് അഭിനന്ദനാർഹമാണ്. 2023-ൽ നികുതിവരുമാനം 23.36 ശതമാനമായി ഉയർത്താനും റവന്യൂ കമ്മി 0.09 ശതമാനത്തിലെത്തിക്കാനും ജി.എസ്.ടി.

വകുപ്പ് പുനഃസംഘടിപ്പിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കാനും കഴിഞ്ഞിട്ടുണ്ട്. യഥാസമയം നികുതി പിരിച്ചെടുക്കുന്നില്ലെന്ന പ്രതിപക്ഷാരോപണം അടിസ്ഥാനരഹിതമാണ്. കേന്ദ്ര സർക്കാരിന്റെ കേരളവിരുദ്ധ സമീപനത്തോട് പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ഉപക്ഷേപത്തെ എതിർക്കുന്നു. കോടതിവ്യവഹാരങ്ങളിൽ ഏർപ്പെടുത്തിയ ഫീസ് വർദ്ധനവ് പിൻവലിക്കണം. ആശാ വർക്കർമാർക്ക് ഓണറേറിയം നൽകുന്നതിനും വാട്ടർ അതോറിറ്റിയിൽ പെൻഷൻ പരിഷ്കരണം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അർഹമായ നികുതി വിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതം കുറച്ചതും പ്രതിശീർഷച്ചെലവ് വർദ്ധിച്ചതും റവന്യൂ കമ്മിക്ക് കാരണമായിട്ടുണ്ട്. കോർപ്പറേറ്റ് നികുതി 25 ശതമാനമായി കുറച്ചതിലൂടെ കേന്ദ്ര സർക്കാരിന്റെ പ്രത്യക്ഷ നികുതി വരുമാനം കുറയുകയും സംസ്ഥാന

വിഹിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. സെസ്സ്, സർചാർജ് എന്നിവ സംസ്ഥാനങ്ങളുമായി പങ്കിടാൻ തയ്യാറാകാത്ത കേന്ദ്രനിലപാട് പ്രതിഷേധാർഹമാണ്. സങ്കുചിത കക്ഷിരാഷ്ട്രീയ ചിന്തകൾ വെടിഞ്ഞ് സംസ്ഥാനതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. നജീബ് കാന്തപുരം: ഉപക്ഷേപത്തെ എതിർക്കുന്നു. അങ്കണവാടി ടീച്ചർമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധി ആനുകൂല്യവും യഥാസമയം നൽകാനോ സർക്കാരിന് സാധിച്ചിട്ടില്ല. ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്ത സർക്കാരാണിത്.

ശ്രീ. എ. പ്രഭാകരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്കും അസന്തുലിതാവസ്ഥയ്ക്കും കാരണം സംസ്ഥാനത്തിന് അർഹമായ ധനവിഹിതം കേന്ദ്രസർക്കാർ നിഷേധിക്കുന്നതാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. സർക്കാരിന്റെ വികസന പരിപാടികൾ അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി

വെട്ടിക്കുറച്ചത്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ആവശ്യങ്ങൾ നേടിയെടുക്കാനും എം.പി.-മാർ ഒറ്റക്കെട്ടായി നിലകൊള്ളണം. പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത വിധത്തിൽ ക്വാറികൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. പാലക്കാട് ചെക്ക് പോസ്റ്റിലൂടെ അമിത ഭാരം കയറ്റിവരുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം. ഡാമുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുകയും പണമീടാക്കി ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും വേണം.

ശ്രീമതി കാനത്തിൽ ജമീല: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചത്. 2022-23-ൽ രാജ്യത്തിന്റെ വളർച്ചാനിരക്ക് 6.84% ആയിരുന്നപ്പോൾ സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 12.13% ആയിരുന്നു. കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ കമ്മി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 46% ആയിരുന്ന കേന്ദ്രവിഹിതം നിലവിൽ 29% ആയി വെട്ടിക്കുറച്ചിരിക്കുകയാണ്. അതിദാരിദ്ര്യം തുടച്ചുനീക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരികയാണ്. 2024-ലെ ആർ.ബി.ഐ.

ബുള്ളറ്റിൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ കടമെടുപ്പിൽ കേരളം പതിനാലാം സ്ഥാനത്താണ് എന്നുള്ളത് സംസ്ഥാനം അമിതമായി കടമെടുക്കുന്നുവെന്ന പ്രതിപക്ഷ പ്രചാരണത്തിന്റെ മുനയൊടിക്കുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ക്രിയാത്മക ഇടപെടലിലൂടെ ദീർഘകാലമായി ജി.എസ്.ടി. രംഗത്ത് നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ആംനെസ്റ്റി സ്കീമിന്റെ പിഴവുകൾ ലഘൂകരിക്കൽ, അപ്പീൽ നടപടികൾ കാര്യക്ഷമമാക്കൽ, ഐ.ജി.എസ്.ടി. വിഹിതം വീതംവയ്ക്കലുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കൽ തുടങ്ങിയവയിന്മേൽ അനുകൂല തീരുമാനമെടുപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഓൺലൈൻ ഡിജിറ്റൽ വ്യാപാര രംഗവുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ഗൗരവമായ ഇടപെടലുകൾ നടത്തിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നതോടൊപ്പം ചെറുകിട കച്ചവടക്കാരുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. കൂടുതൽ സർവ്വീസ് മേഖലകളെ ടാക്സ് നെറ്റ്‌വർക്കിന്റെ പരിധിയിൽ കൊണ്ടുവരികയും വിവിധ കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയ ഫീസ് വർദ്ധന പുനഃപരിശോധിക്കുകയും വേണം. വാടക ചീട്ടിന് രജിസ്ട്രേഷൻ

നിർബന്ധമാക്കുന്നതിനും ജലം മണ്ണിലേയ്ക്ക് ഇറങ്ങാത്ത വിധം ടൈലുകൾ വിരിക്കുന്നവർക്ക് എൻവയോൺമെന്റൽ ടാക്സ് ഏർപ്പെടുത്തുന്നതിനും ഇ-വേ ബിൽ നടപ്പാക്കി സ്വർണ്ണ വ്യാപാരികളിൽനിന്നും നികുതി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: ഉപക്ഷേപത്തെ എതിർക്കുന്നു. ഭരണഘടനാ വിരുദ്ധവും നീതി നിഷേധിക്കുന്ന തരത്തിലുള്ളതും സ്ത്രീകളെയും കുട്ടികളെയും പ്രതികൂലമായി ബാധിക്കുന്നതുമായ നിർദ്ദേശങ്ങളാണ് ധനകാര്യ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ഫാമിലി കോർട്ട് ആക്ടിൻ കീഴിൽ വസ്തു സംബന്ധമായി ഫയൽ ചെയ്യുന്ന കേസുകളുടെയും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം ഫയൽ ചെയ്യുന്ന കേസുകളുടെയും ഫീസിലെ വർദ്ധനവ് ഒഴിവാക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം ജി.എസ്.ടി പിരിക്കുന്നതിലെ വീഴ്ചയും ആർഭാടവുമാണ്. ക്ഷേമ പെൻഷനുകൾ യഥാസമയം നൽകാതെയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവർക്ക് കൂലി കൊടുക്കാതെയും നെല്ലിന് സംഭരണവില നൽകാതെയും വിലക്കയറ്റം നിയന്ത്രിക്കാതെയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയുമുള്ള ജനദ്രോഹപരമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നികുതി സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ചും

ആർബിട്രേഷൻ നടപടികൾ പൂർത്തിയാക്കിയും വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കാതെ അമിത നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത് അംഗീകരിക്കത്തക്കതല്ല.

ശ്രീ. കെ. പ്രേംകുമാർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, ശിശുമരണ നിരക്ക് കുറയ്ക്കൽ, ആയുർദൈർഘ്യത്തിലെ വർദ്ധനവ് എന്നിവയിൽ ലോകത്തിന് മാതൃകയാകാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും വിവിധ ഗ്രാന്റുകൾ നിർത്തലാക്കിയും ജി.എസ്.ടി. വിഹിതം നൽകാതെയും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുമ്പോഴും തനത് വരുമാനം ഉയർത്തിയും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കിയും അധിക ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഉത്പാദന വളർച്ചാ നിരക്കും ജി.എസ്.ടി വരുമാനവും വർദ്ധിപ്പിക്കാനും റവന്യൂ കമ്മി കുറയ്ക്കാനും സർക്കാരിന് സാധിച്ചത് ശ്ലാഘനീയമാണ്. സംസ്ഥാനത്ത് എയിംസ്, ശബരിമല വിമാനത്താവളം, കോച്ച് ഫാക്ടറി എന്നിവ സ്ഥാപിക്കുന്നതിനും പ്രവാസികൾക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കാനുമുള്ള പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. കടമെടുപ്പ് പരിധി ജി.ഡി.പി.-യുടെ 3.5% ആയി ഉയർത്തണമെന്നും 24000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങളോടുള്ള കേന്ദ്രത്തിന്റെ നിഷേധാത്മക നിലപാടിനെതിരായ പ്രതിപക്ഷ മൗനം അപമാനകരമാണ്. ഓൺലൈൻ വ്യാപാരരംഗത്തുനിന്നും നികുതി ഈടാക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനായത് പ്രശംസനീയമാണ്. നിത്യോപയോഗ സാധനങ്ങൾക്ക് ഇന്ത്യയിൽ ഏറ്റവും വില കുറവുള്ള സംസ്ഥാനം കേരളമാണ്.

ഡോ. എം. കെ. മുനീർ: ഉപക്ഷേപത്തെ എതിർക്കുന്നു. ഈ ബില്ലിലൂടെ അടിസ്ഥാന ജനവിഭാഗത്തിനും അധഃസ്ഥിതർക്കും നീതിനിഷേധിക്കപ്പെടും. അധിക നികുതി നിർദ്ദേശത്തിലൂടെ ലഭിക്കുന്ന പണം ശരിയായ രീതിയിൽ ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

<u>ശ്രീമതി സി. കെ. ആശ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നിരവധി വികസന സംരംഭങ്ങളും ക്ഷേമപദ്ധതികളും നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കേന്ദ്ര നികുതിയിനത്തിലും ഗ്രാന്റിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലും ലഭിക്കേണ്ട വിഹിതത്തിൽ കുറവ് വരുത്തുകയും വിവിധ വകുപ്പുകൾക്ക് ലഭിക്കാനുള്ള കേന്ദ്ര വിഹിതം കുടിശ്ശികയായി നിലനിൽക്കുകയുമാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. കുടുംബ കോടതി/ചെക്ക് കേസ്സുകൾ എന്നിവ കോടതിയിൽ ഫയൽ ചെയ്യുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കണം. കേന്ദ്ര സർക്കാരിന്റെ വിവേചനപൂർണ്ണമായ സമീപനത്തിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എം.പി.-മാർ തയ്യാറാകണം.

<u>ഡോ. കെ. ടി. ജലീൽ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ജനറേറ്റർ പ്രവർത്തിപ്പിച്ച് സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നവർക്കുള്ള നികുതി യൂണിറ്റിന് 15 പൈസയായി പുതുക്കി നിശ്ചയിച്ചത് സ്വാഗതാർഹമാണ്. പുരപ്പുറ സോളാർ വൈദ്യുതി ഉത്പാദകരിൽനിന്നും ഈടാക്കുന്ന നികുതി വർദ്ധിപ്പിച്ചത്

പുനഃപരിശോധിക്കണം. സ്വകാര്യ വാഹനങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിയമപരമായി അനുമതി നൽകാനും കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന ഓൾ ഇന്ത്യ ടൂറിസ്റ്റ് വാഹനങ്ങളുടെ നികുതി നിരക്ക് കുറയ്ക്കാനും നടപടി സ്വീകരിക്കണം. പാട്ട കരാറുകൾക്കുള്ള മുദ്രവില കണക്കാക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയത് സ്വാഗതാർഹമാണ്. മുദ്രപത്ര നിയമത്തിലെ പട്ടിക ക്രമ നമ്പർ 16-ൽ വരുത്തിയ ഭേദഗതി പ്രകാരം സെയിൽ സർട്ടിഫിക്കറ്റ് രേഖകൾ അനുവദിക്കുന്ന അധികാരികളിൽ സിവിൽ ഓഫീസർമാർ ആരൊക്കെയാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. എ. പി. അനിൽ കുമാർ: ഉപക്ഷേപത്തെ എതിർക്കുന്നു. സർക്കാരിനെതിരെ ആക്ഷേപങ്ങളും അഴിമതി ആരോപണങ്ങളും ഉന്നയിക്കുന്നവർക്കെതിരെ വിജിലൻസ്/ക്രൈംബ്രാഞ്ച് കേസെടുക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ്, 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ്, 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ്, 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്

2024-ലെ കേരള ധനകാര്യ ബിൽ. 2017 വരെയുള്ള വിവിധ നികുതി കുടിശ്ശികകൾ ഒഴിവാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ആംനസ്റ്റി സ്കീമാണ് കൊണ്ടുവന്നിരിക്കുന്നത്. 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റ്, 1953-ലെ കേരള പൊതുവില്പന നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 1976-ലെ കേരള ആഡംബര നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 2023-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ്, 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റ് തുടങ്ങിയ നിയമങ്ങൾവഴിയുള്ള കുടിശ്ശികകൾ തീർപ്പാക്കാനുണ്ട്. 50,000 രൂപയ്ക്ക് താഴെ കുടിശ്ശിക നൽകാനുള്ള 22,667 കച്ചവടക്കാരുടെ മുഴുവൻ ബാധ്യതയും എഴുതിത്തള്ളുന്നതാണ് ആംനസ്റ്റിയിലെ ഒന്നാമത്തെ ഭാഗം. 50,000 രൂപ മുതൽ 10,00,000 രൂപവരെയുള്ള 21436 പേരുടെ നികുതി കുടിശ്ശികകൾക്ക് 30% അടച്ചാൽ മതിയാകും. 10,00,000 രൂപ മുതൽ ഒരുകോടി രൂപ വരെ കുടിശ്ശികക്കാർക്ക് രണ്ടുതരം പദ്ധതികളുണ്ട്. വ്യവഹാരമുള്ളവർ കുടിശ്ശികയുടെ 40 ശതമാനവും വ്യവഹാരമില്ലാത്തവർ കുടിശ്ശികയുടെ 50 ശതമാനവും അടച്ചാൽ മതിയാകും. വ്യവഹാരമുള്ളവർ കോടതി ഫീസായി കുറച്ചുപണം അടച്ചതിനാലാണ് അവർക്ക് കുറവ് വന്നത്. ഒരു കോടി രൂപയിലധികമുള്ള നിയമവ്യവഹാരത്തിലുള്ളവർ കുടിശ്ശികയുടെ 70

ശതമാനവും വ്യവഹാരമില്ലാത്തവർ കുടിശ്ശികയുടെ 80 ശതമാനവും അടയ്ക്കണം. ഇതുവരെ 36000 പേരുടെ കേസുകൾ ആംനസ്റ്റി വഴി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ജി.എസ്.ടി. ആംനസ്റ്റിയുടെ ഘട്ടത്തിലേയ്ക്ക് വന്നിട്ടില്ലെങ്കിലും കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ 2020 വരെയുള്ള ഡിമാന്റുകൾക്ക് ഇന്ററസ്റ്റും പെനാൽറ്റിയും ഒഴിവാക്കുന്ന നിലയിൽ ആംനസ്റ്റി നൽകുകയുണ്ടായി. വ്യാപാരി സമൂഹത്തിന് വലിയ ഗുണമുണ്ടാകുന്ന ആംനസ്റ്റി സ്കീം ബില്ലിന്റെ ഭാഗമായിട്ടുണ്ട്. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ് പ്രകാരം യൂണിറ്റൊന്നിന് 12 പൈസയിൽ കൂടുതൽ വിലയ്ക്ക് വിൽക്കുന്ന ഓരോ യൂണിറ്റിനും 6 പൈസ അടയ്ക്കണം. അത് പിന്നീട് 10 പൈസ ആക്കിയിട്ടുണ്ട്. വൈദ്യുതി ജനറേഷന് 1.2 പൈസ എന്നുള്ളത് 15 പൈസയാക്കി. സോളാർ വൈദ്യുതി സംബന്ധിച്ച വിഷയം സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പരിശോധിക്കാം. മോട്ടോർ വാഹന നികുതി ആക്റ്റിൽ കേരളത്തിലെ ബസ് വ്യവസായികളെയും തൊഴിലാളികളെയും സഹായിക്കാനുള്ള ഭേദഗതിയാണുള്ളത്. കേരളത്തിൽ നികുതി കൂടുതലായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് ഇവിടെ സർവ്വീസ് നടത്തുന്ന വാഹനങ്ങളുണ്ട്. അത് മാറ്റിയെടുക്കാൻ വേണ്ടി കൊണ്ടുവന്നതാണ് ഈ ബിൽ. 1959-ലെ കോർട്ട് ഫീസും

വ്യവഹാരസലയും ആക്റ്റിലും മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. കുടുംബകോടതി ഫീസ്, ചെക്കുകേസ് ഫീസ് എന്നിവ സംബന്ധിച്ചുള്ള പരാതികൾ അതുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കുടുംബകോടതി ഫീസ് വർദ്ധിപ്പിക്കേണ്ടെന്ന തീരുമാനമെടുക്കാൻ കഴിയില്ല. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട കേന്ദ്രവിഹിതം വെട്ടിക്കുറച്ചിട്ടും പദ്ധതി ചെലവുകൾക്ക് തുക അനുവദിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫൈനാൻസസിലെ കണക്കനുസരിച്ച് ബഡ്ജറ്റ് ചെലവിന്റെ 79 ശതമാനവും സംസ്ഥാനം കണ്ടെത്തേണ്ട അവസ്ഥയാണ്. ഇതര സംസ്ഥാനങ്ങളുടെ തനത് വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളം എല്ലാ മേഖലയിലും മെച്ചപ്പെട്ട നിലവാരമാണ് കാഴ്ചവയ്ക്കുന്നത്. ദേശീയ ശരാശരിയേക്കാൾ ഓൺ ടാക്സ് റവന്യൂ ഇനത്തിൽ സംസ്ഥാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. നോൺ ടാക്സ് റവന്യൂ വർദ്ധിക്കുകയും റവന്യൂ ഡെഫിസിറ്റ്, ഫിസ്കൽ ഡെഫിസിറ്റ് എന്നിവ കുറയുകയും ചെയ്തിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട വായ്പാപരിധി വെട്ടിക്കുറച്ച കേന്ദ്ര സർക്കാരിന്റെ

നടപടി അപലപനീയമാണ്. സംസ്ഥാന സർക്കാർ ഫിസ്കൽ കൺസോളിഡേഷനിലും വലിയ മാറ്റമാണുണ്ടാക്കിയത്. രാജ്യത്ത് ആകെയുള്ള കടത്തിന്റെ 2.4 ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റേതായുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം കടം 38 ശതമാനത്തിൽ നിന്നും 33 ശതമാനമായി കുറഞ്ഞിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളേക്കാൾ കുറവാണിത്. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക പ്രയോറിറ്റി അനുസരിച്ച് കൊടുത്തുതീർക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായ നിലപാട് സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തികകാര്യങ്ങൾ

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാത്രി 7.18-ന് പിരിഞ്ഞു.

* * * * *